# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7123** — **03.11.2011 ൽ മറുപടിയ്ക്ക്**

## <u>പ്രൈമറി സഹകരണ സംഘം ജീവനക്കാർക്ക് സഹകരണ ബാങ്കുകളിൽ നിയമനം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹിദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേയ്ക്ക് കെ.പി.എസ്.സി 25.04.2006 ലെ ഗസറ്റ് വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ നിയമപ്രകാരം അഫിലിയേറ്റ് ചെയ്ത പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യത ബി.എ/ബി.എസ്.സി/ബി.കോം ഉം എച്ച്.ഡി.സി അല്ലെങ്കിൽ ജെ.ഡി.സി. യും അഥവാ ബി.കോം വിത്ത് കോ-ഓപ്പറേഷൻ അഥവാ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ആണ്. ഇതേ യോഗ്യതയാണ് ജില്ലാ സഹകരണ ബാങ്കിലെ അംഗ സംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത. |
| (ബി) സഹകരണ നിയമത്തിൽ പറയുന്ന യോഗ്യതയേക്കാൾ ഉയർന്ന യോഗ്യത നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി. യ്ക്ക് അധികാരമില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി. യും ജെ.ഡി.സി. യും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുവാനും അവരെ അന്തിമ | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുമുള്ള വിശദമായ വിധിന്യായം ബഹു. ഹൈക്കോടതി ഫുൾബെഞ്ച് പുറപ്പെടുവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച 25.04.2006 ൽ മതിയായ യോഗ്യതയുണ്ടായിരുന്ന പ്രൈമറി സഹകരണ സംഘം ജീവനക്കാർക്ക് സഹകരണ ബാങ്കുകളിൽ നിയമനം ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് പബ്ലിക് സർവീസ് കമ്മീഷനാണ്. ഇക്കാര്യം സംബന്ധിച്ച ബഹു. സുപ്രീം കോടതി മുമ്പാകെയുള്ള കേസിൽ ഉത്തരവ്/തീർപ്പ് ആയതിനുശേഷം മാത്രമേ 25.04.2006 ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.



സെക്ഷൻ ഓഫീസർ